**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 725 — 06.02.2013 ൽ മറുപടിക്ക്

**ആധാർ രജിസ് ട്രേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആധാർ രജിസ് ട്രേഷൻ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ ; കേരളത്തിൽ ഇത് നൽകുന്നത് ഏത് ഏജൻസി വഴിയാണ് ; | (എ) സംസ്ഥാനത്ത് ഏകദേശം 2.75 കോടി ആളുകൾ ആധാറിനായി എൻറോൾ ചെയ്തു. 31.01.2013 ലെ കണക്ക് അനുസരിച്ച് 2,16,11,743 പേർക്ക് ആധാർ നമ്പർ അനുവദിച്ചു.സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ അക്ഷയ, കെൽട്രോൺ എന്നീ ഏജൻസികൾക്കു പുറമെ N P R, പോസ്റ്റോഫീസ്, ബാങ്ക് എന്നീ സ്ഥാപനങ്ങളും ആധാർ എൻറോൾ ചെയ്യുന്നുണ്ട്. |
| (ബി) ആധാർ കാർഡ് എടുക്കാത്തവർക്ക് പുതുതായി എടുക്കുവാൻ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) സംസ്ഥാനത്തുടനീളം ഇപ്പോഴും പ്രവർത്തനം തുടരുന്ന ആധാർ എൻറോൾമെന്റ് സെന്ററുകൾ വഴി പൊതു ജനങ്ങൾക്ക് ആധാർ രജിസ് ട്രേഷൻ നടത്താവുന്നതാണ്. |
| (സി) ആധാറിലെ തെറ്റ് തിരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; നടപടി സ്വീകരിക്കുന്നതിനു വേണ്ടി ആരെയാണ് സമീപിക്കേണ്ടതെന്ന് വ്യക്തമാക്കുമോ ? | (സി) ആധാർ കാർഡുകളിലുള്ള ഡെമോഗ്രാഫിക് ഡാറ്റ ആവശ്യമെങ്കിൽ തിരുത്തൽ വരുത്തുന്നതിനായി യു.ഐ.ഡി.എ.ഐ ഓൺലൈൻ സംവിധാനമൊരുക്കിയിട്ടുണ്ട്. http://uidai.gov.in എന്ന വെബ്സൈറ്റിലുള്ള Update your Aadhaar data എന്ന ലിങ്കിലൂടെ ആധാർ കാർഡുള്ള ഏതൊരു പൗരനും സ്വന്തം ഡെമോഗ്രാഫിക് ഡാറ്റാ ഇന്റർനെറ്റ് വഴി സ്വയമോ അക്ഷയ സെന്ററുകളിലൂടെയോ തിരുത്താവുന്നതാണ്. ഇതിനു പുറമെ തെറ്റുകൾ തിരുത്തുവാനായി ബ്ലോക്ക് തലത്തിലും ആധാർ എൻറോൾമെന്റ് പൂർത്തിയായ ശേഷം പഞ്ചായത്ത് തലത്തിലും സെന്ററുകൾ സജ്ജീകരിക്കുവാൻ ഐ.റ്റി മിഷൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ